"ഭരണഭാഷ - മാതൃഭാഷ"
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004,

സെക്രട്ടറി (ഭരണം) യുടെ കാര്യാലയം

ടെലഫോൺ നമ്പർ: +91 471 2514456, 2514575, 2514504

ഫാക്സ് : 0471 2554039 ഇ-മെയിൽ: secretary@ kseb.In

No.എസ്.ഇ.സി/എസ്റ്റ.5/ E39808/ജനറൽ/2024 Date:06-08-2024

## പരിപത്രം

**വിഷയം:** KSEBL - ജീവനക്കാർക്ക് ബാധ്യത രഹിത സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് അധിക നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**സൂചന:** 1.പീരുമേട് ഇലക്ട്രിക്കൽ സെക്ഷനിൽ വിജി./B7/ഇ.എസ്. പീരുമേട് /2024 തീയതി 18.06.2024 പ്രകാരം കെഎസ്ഇബി വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ

2.ചീഫ് ഇന്റേണൽ ആഡിറ്ററുടെ 06.06.2024 തീയതി യിലെ CIA/RAOMC/Peerumedu Section /2024-25 നമ്പരായ കുറിപ്പ്.

തൊടുപുഴ ഇലക്ട്രിക്കൽ സർക്കിൾ പരിധിയിലെ പീരുമേട് ഇലക്ട്രിക്കൽ സെക്ഷനിൽ അനധികൃത സർവീസ് കണക്ഷനുകൾ നൽകിയതിനെ കുറിച്ചും അമിതമായ കറണ്ട് ചാർജ് ഡിമാൻഡ് ചെയ്തതിനെക്കുറിച്ചും കെഎസ്ഇബി വിജിലൻസ് വിഭാഗം നടത്തിയ വിശദമായ അന്വേഷണത്തിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്. കൂടാതെ വർഷങ്ങളായി റീജണൽ ആഡിറ്റ് ഓഫീസർമാർ നടത്തിയ ഓഡിറ്റിലെ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ലാത്തതായും, അപ്രകാരം ആഡിറ്റ് റിപ്പോർട്ടിൻമേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ ബോർഡിന് വൻ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. RAO Audit ഉൾപ്പടെ വിവിധ ആഡിറ്റ് റിപ്പോർട്ടുകളിൻമേൽ അനോമലികൾ തീർപ്പാക്കാത്ത സെക്ഷനുകൾ കാരണം ബോർഡിന് നല്ലൊരു തുക കിട്ടാനുള്ളത് അതാത് സമയത്ത് തീർപ്പാക്കാത്തത് ജീവനക്കാരുടെ ഭാഗത്തെ വീഴ്ച മൂലമുള്ളത് അവരുടെ വ്യക്തിഗതബാധ്യതയായി കണക്കാക്കേണ്ടതാണെന്നും ,ജീവനക്കാർക്ക് ബാധ്യത രഹിത സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഇപ്രകാരമുള്ള ബാധ്യതകൾ ഇല്ല എന്നും / ആഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി നൽകിയിട്ടുണ്ടോ എന്നും ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്നും അന്വേഷണറിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നു.

1. RAO audit ഉൾപ്പടെ വിവിധ audit റിപ്പോർട്ടുകളി ൻ മേൽ അനോമലികൾ തീർപ്പാക്കാത്തതുകാരണം ബോർഡിന് കിട്ടാനുള്ള തുക അതാതത് സമയത്ത് തീർപ്പാക്കാത്തത് ജീവനക്കാരുടെ വീഴ്ചമൂലമുള്ളത് അവരുടെ വ്യക്തിഗത ബാധ്യതയായി fix ചെയ്യേണ്ടതും ജീവനക്കാർ ടി ഓഫീസിൽ നിന്നും മാറുമ്പോൾ ബാധ്യത രഹിത സർട്ടിഫിക്കറ്റ് നൽകുമ്പോൾ റീജിയണൽ ആഡിറ്റ് റിപ്പോർട്ടിലെ ക്രമക്കേടുകൾ സമയബന്ധിതമായി പരിഹരിക്കാത്തതുമൂലമുള്ള ബാധ്യതകളും ഇല്ലായെന്നും RAO ആഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി നൽകിയിട്ടുണ്ട്/അനോമലികൾ തീർപ്പാക്കിയിട്ടുണ്ട് എന്നും ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

SABITHA S
SECRETARY

പകർപ്പ്:

1. എല്ലാ ARU തലവൻമാർക്കും
2. ചീഫ് എഞ്ചിനിയർ(എച്ച്.ആർ. എം), എല്ലാ ചീഫ് എഞ്ചിനീയർമാർക്കും,
3. ചീഫ് എഞ്ചിനിയർ( IT,CR&CAPS) പ്രസിദ്ധീകരണത്തിന്
4. ഫിനാൻഷ്യൽ അഡ്വൈസർ/ ചീഫ് ഇന്റേണൽ ആഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ളിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ പബ്ളിക് റിലേഷൻ ഓഫീസർ.
5. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്
6. ഡയറക്ടർ (Distributuion, safety & SCM) / ഡയറക്ടർ ( Transmission safety & Planning)/ ഡയറക്ടർ ( Generation Civil Soura Sports & Welfare, ഡയറക്ടർ (Finance & HRM) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
7. എല്ലാ റീജിയണൽ ആഡിറ്റ് ഓഫീസർമാർക്കും
8. സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.